1. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത മഹാകാവ്യം രചിച്ചതാര്?
   A) പന്തളം കേരളവർമ്മ B) കെ.സി.കേശവപിള്ള
   C) അഴകത്ത് പത്മനാഭപിള്ള D) മുലൂർ എസ്.പത്മനാഭപണിക്കർ

2. കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക പരിണാമങ്ങൾ പ്രതിഫലിപ്പിക്കുന്നനോവൽ
   A) ബാല്യകാലസഖി B) ഓടയിൽനിന്ന്
   C) കയർ D) അഗ്നിസാക്ഷി

3. കഥകളിയുടെ പരിഷ്കർത്താക്കളിൽ പ്രഥമഗണനീയൻ
   A) കപ്ലിങ്ങാട്ട് നമ്പൂതിരി B) കോട്ടയം തമ്പുരാൻ
   C) കൊട്ടാരക്കര തമ്പുരാൻ D) വള്ളുവക്കോനാതിരി

4. 'ബാക്കി' എന്ന പദം ഏതുഭാഷയിൽ നിന്ന് കടംകൊണ്ടതാണ്?
   A) മറാട്ടി B) അറബിക്
   C) പേർഷ്യൻ D) പോർച്ചുഗീസ്

5. 'വാക്യം രസാത്മകം കാവ്യം' - ഏത് ആലങ്കാരിക ഗ്രന്ഥത്തിലുള്ളതാണ് ഈ കാരിക?
   A) കാവ്യാലങ്കാരം B) ലോചനം
   C) അഭിനവഭാരതി D) സാഹിത്യദർപ്പണം

6. പ്ലാറ്റോ തന്റെ ആദർശരാഷ്ട്രത്തിൽ നിന്ന് കലയെ അകറ്റിനിർത്താൻ കാരണമായി പറയുന്നത്?
   A) അതു സത്യത്തിൽനിന്നും അകലെയാണ് എന്നും മനുഷ്യനെ ദുഷിപ്പിക്കുന്നു എന്നും ആരോപിച്ചുകൊണ്ട്
   B) അതു ഭാവനാംശം കുറഞ്ഞതായതുകൊണ്ട്
   C) അതു സമകാലജീവിതത്തെ പ്രതിഫലിപ്പിക്കാത്തത് കൊണ്ട്
   D) അതിന് ജീവിതലക്ഷ്യം ഇല്ലാത്തതുകൊണ്ട്

7. ആദ്യകാല നാടകവിമർശകരിൽ പ്രമുഖനാണ്
   A) സി.അന്തപ്പായി
   B) മൂർക്കോത്ത് കുമാരൻ
   C) സി.സി.ഡാവിഡ്
   D) അപ്പൻ തമ്പുരാൻ

8. 'സ്ഫുടതാരകൾ കൂരിരുട്ടിലു -
ണ്ടിടയിൽ ദ്വീപുകളുണ്ട് സിന്ധുവിൽ
ഇടതീർപ്പതിനേക ഹേതുവ -
ന്നിടയാമേത് മഹാവിപത്തിലും'. - അലങ്കാരമേത്?

A) പ്രതിവസ്തുപമ B) അർത്ഥാന്തരന്യാസം
C) ദൃഷ്ടാന്തം D) അപ്രസ്തുതപ്രശംസ

9. 'പുഴകടന്ന് മരങ്ങളുടെ ഇടയിലേക്ക്' - ഈ കഥ എഴുതിയതാര്?

A) മാധവിക്കുട്ടി B) സക്കറിയ
C) എം.ടി.വാസുദേവൻ നായർ D) ടി.പത്മനാഭൻ

10. കേരളത്തിൽ ജന്മിസമ്പ്രദായം ആവിർഭവിക്കുന്നതിന് മുഖ്യകാരണമായി'നൂറ്റാണ്ട് യുദ്ധ'ത്തെ കണ്ടെത്തിയ ചരിത്രകാരൻ ആര്?

A) എം.ജി.എസ്.നാരായണൻ B) ഇളംകുളം കുഞ്ഞൻപിള്ള
C) കെ.വി.കൃഷ്ണയ്യർ D) കെ.പി.പത്മനാഭ മേനോൻ

11. തനത് നാടകവിഭാഗത്തിൽ ഉൾപ്പെടുന്ന നാടകം

A) കറുത്തദൈവത്തെ തേടി B) ചുവന്ന ഘടികാരം
C) കഥാബീജം D) ഭഗ്ന ഭവനം

12. മഹിമഭട്ടന്റെ അനുമിതിവാദത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടിയ നിരൂപകനാണ്

A) ആറ്റൂർ കൃഷ്ണപിഷാരടി
B) സാഹിത്യപഞ്ചാനനൻ പി.കെ.നാരായണപിള്ള
C) കുട്ടിക്കൃഷ്ണമാരാർ
D) കേസരി ബാലകൃഷ്ണപിള്ള

13. പ്രശസ്തനായ ഫ്രഞ്ച് സിംബോളിക് കവി

A) യേറ്റ്സ് B) എസ്രാ പൗണ്ട്
C) ബോദ് ലേയർ D) ആർതർ കോയ്സ്ലർ

14. ദ്രാവിഡഭാഷയ്ക്ക് സിഥിയൻ ഭാഷയോട് ബന്ധമുണ്ടെന്ന് കണ്ടെത്തിയ പണ്ഡിതൻ

A) ഹെർമൻ ഗുണ്ടർട്ട് B) കാൾഡ്വൽ
C) ഫ്രീഡിക് മുള്ളർ D) ആർ.ഇ.ആഷർ

15. വെണ്മണി മഹൻ 'കവിപുഷ്പമാല' രചിച്ചത് ആരുടെ കവിതയ്ക്കുള്ള മറുപടി ആയിട്ടാണ്?

A) ഒറവങ്കര രാജ B) പൂന്തോട്ടത്തു നമ്പൂതിരി
C) വയസ്ക്കര മൂസ്സ് D) കാതുള്ളിൽ അച്യുതമേനോൻ

16. നാരായണ കുരുക്കൾ പ്രശസ്തനാവുന്നത്

A) കഥകളി ആചാര്യൻ എന്ന നിലയിൽ

B) ദിവാൻ ഭരണത്തെ വിമർശിച്ചുകൊണ്ടുള്ള രാഷ്ട്രീയ നോവലുകൾ എഴുതിയ വ്യക്തി എന്ന നിലയിൽ

C) പ്രാചീനരീതിയിലുള്ള വിദ്യാഭ്യാസത്തിന് പ്രചാരണം നൽകിയ ചിന്തകൻ എന്ന നിലയിൽ

D) ഹാസ്യകവനങ്ങളുടെ കർത്താവ് എന്ന നിലയിൽ

17. 'വാക്കേ വാക്കേ കൂടെവിടെ
വളരുന്ന നാവിന്റെ കൊമ്പത്ത്
വാക്കേ വാക്കേ കൂടെവിടെ
ഒളിതിങ്ങും തൂവലിൻ തുഞ്ചത്ത്' - ഈ വരികളുടെ കർത്താവ് ആര്?

A) എം.ഗോവിന്ദൻ B) കടമ്മനിട്ട

C) സച്ചിദാനന്ദൻ D) കുഞ്ഞുണ്ണി

18. ബെഞ്ചമിൻ ബയ്‌ലിയുടെ ഏറ്റവും ശ്രദ്ധേയമായ സംഭാവന

A) ശാസ്ത്രഗ്രന്ഥങ്ങളുടെ രചന

B) വ്യാകരണഗ്രന്ഥ നിർമ്മാണം

C) മലയാളനിഘണ്ടു നിർമ്മാണം

D) ഇംഗ്ലീഷ്കാവ്യങ്ങളുടെ വിവർത്തനം

19. 'ബാലാകലേശം' നാടകം എഴുതിയത് ആര്?

A) കെ.പി.കറുപ്പൻ

B) പെട്ടരഴിയം വലിയരാമനിളയത്

C) ഒടുവിൽ ശങ്കരൻകുട്ടി മേനോൻ

D) കരയംവെട്ടത്ത് സുകുമാരപിള്ള

20. പ്രാകൃതം വഴി മലയാളത്തിലേക്ക് വന്ന ഒരു പദം

A) പോഴൻ B) ലേലം

C) വരാന്ത D) ഓച്ഛാനം

21. ഉല്പത്തി വാദത്തിന്റെ ഉപജ്ഞാതാവ് ആര്?

A) ശങ്കുകൻ B) ഭട്ടലോല്ലടൻ

C) ജഗന്നാഥ പണ്ഡിതൻ D) അഭിനവഗുപ്തൻ

22. ഭാഷണത്തേക്കാൾ എഴുത്തിന് പ്രാധാന്യം നൽകിയ ഭാഷാചിന്തകൻ

A) ബാർത്ത് B) ദെറിദ

C) ഹൈഡഗർ D) സൊസ്യൂർ

23. മഹാകവി എന്ന സ്ഥാനം നല്കുന്നതിന് കേസരി ബാലകൃഷ്ണപിള്ള സ്വീകരിച്ച മാനദണ്ഡം

A) മഹാകാവ്യരചന

B) മഹത്തായ ജീവിതം പ്രതിപാദ്യവിഷയമാക്കുക

C) പ്രൗഢവും ഉദാത്തവുമായ ശൈലി

D) പുതുപ്രസ്ഥാനത്തിന്റെ സ്ഥാപകത്വം

24. 'കാലം ചതിച്ച മുണ്ടകപ്പാടത്തെ
ചുണ്ടും പിളർത്തിച്ചുരുളൻ മുടിയുമായ്
മുണ്ടകപ്പാടങ്ങൾ കാത്തുകിടക്കയാം
പെറ്റെണീക്കുംമുൻപ് കണ്ണടച്ചാളഹോ
പറ്റെവിളർത്തൊരക്കാല വർഷാംഗന' - ആരെഴുതിയത്?

A) അക്കിത്തം B) ഒളപ്പമണ്ണ

C) ഇടശ്ശേരി ഗോവിന്ദൻനായർ D) കുറ്റിപ്പുറത്ത് കേശവൻനായർ

25. 'ഞാനൊരു പുതിയലോകം കണ്ടു' - ഈ യാത്രാവിവരണഗ്രന്ഥം ആർ രചിച്ചത്?

A) എൻ.വി.കൃഷ്ണവാര്യർ B) എ.കെ.ഗോപാലൻ

C) സി.ഉണ്ണിരാജ D) കെ.പി.കേശവമേനോൻ

26. ഇംഗ്ലീഷ്കാർക്കെതിരെ ഉണ്ടായ ആദ്യത്തെ സംഘടിതമായ സമരം?

A) ചാന്നാർ കലാപം B) പഴശ്ശി കലാപം

C) വേലുത്തമ്പിയുടെ കലാപം D) ആറ്റിങ്ങൽ കലാപം

27. 'ചെറുതേൻ കൊളമ്പസ്സ്' - ഏത് സാഹിത്യശാഖയിൽ പെടുന്നു?

A) നോവൽ B) നാടകം

C) പ്രഹസനം D) ജീവചരിത്രം

28. 'ഏതൊരു യക്ഷി വഴിപിഴപ്പിച്ചതി
പ്പൂതമാർഗ്ഗേക പഥികരാം നിങ്ങളെ
ഇങ്ങുമടങ്ങു വിനിങ്ങു മടങ്ങുവിൻ
നിങ്ങൾ തൻ പോക്കുവിപരീതമാകൊലാ' - വൃത്തമേത്?

A) കാകളി B) ദ്രുതകാകളി

C) കേക D) മഞ്ജരി

29. 'ഇത് സാഹിത്യമാണെങ്കിൽ ഭരണിപ്പാട്ട് ഭഗവത്ഗീതയാണ്. ഞാൻ മഹാത്മാഗാന്ധിയാണ്.' പ്രൊഫ.ഗുപ്തൻ നായരുടെ വിമർശനം ഏത് കൃതിയെ അടിസ്ഥാനമാക്കിയാണ്?

A) പൂരപ്രബന്ധം B) ധർമ്മപുരാണം
C) ശബ്ദങ്ങൾ D) വിത്തുകാള

30. കോളറിഡ്ജ് നിർദ്ദേശിക്കുന്ന ദ്വിതീയ ഭാവനയ്ക്ക് യോജിക്കാത്ത ആശയം
A) അതു സർഗ്ഗാത്മകമാണ്
B) അതു വൈരുധ്യങ്ങളെ അനുരഞ്ജിപ്പിക്കുന്നു
C) അതു ആശയങ്ങൾക്ക് മൂർത്തത നൽകുന്നു
D) അതു ധാരണാശക്തി മാത്രമാണ്

31. രസത്തോട് രീതിയെ ആദ്യമായി ബന്ധപ്പെടുത്തിയ ആലങ്കാരികൻ?
A) വാമനൻ B) കുന്തകൻ
C) രുദ്രടൻ D) ദണ്ഡി

32. കേരളപാണിനീയത്തിൽ 'കർമ്മയോഗം' എന്ന ആശയം ചർച്ച ചെയ്യുന്ന സന്ദർഭമേത്?
A) പ്രയോജക പ്രകൃതി B) നിഷേധപ്രകരണം
C) അനുപ്രയോഗ ചർച്ച D) അംഗക്രിയാവിവരണം

33. മണിപ്രവാളത്തിന്റെ സ്വഭാവം വിശദീകരിക്കുന്നതിലൂടെ ലീലാതിലകകാരൻ വ്യക്തമാക്കുന്നത്
A) മണിപ്രവാളത്തിൽ ചോളഭാഷ കലരാം എന്നാണ്
B) കേരളഭാഷ അല്ലാത്ത ശബ്ദങ്ങൾ സംസ്കൃതത്തോട് ചേർന്നാൽ മണിപ്രവാളമായിരിക്കും എന്നാണ്
C) കേരളഭാഷാ ശബ്ദങ്ങളും സംസ്കൃത ശബ്ദങ്ങളും ചേർന്ന് അധ്യവസായ രീതിയിൽ ലക്ഷണചെയ്തതാണ് മണിപ്രവാളം
D) ഭാഷാ സംസ്കൃത ശബ്ദങ്ങളുടെ സാജാത്യമല്ല വൈജാത്യമാണ് മണിപ്രവാളത്തിൽ കാണുന്നത്

34. 'സിദ്ധാന്തകൗമുദി' എന്ന ഗ്രന്ഥത്തിന് പദസംസ്കാരചന്ദ്രിക എന്ന പേരിൽ വ്യാഖ്യാനം തയ്യാറാക്കിയ പണ്ഡിതൻ ആര്?
A) ഇലന്തൂർ രാമശാസ്ത്രികൾ
B) കൈക്കുളങ്ങര രാമവാരിയർ
C) നല്ലേപ്പള്ളി സുബ്രഹ്മണ്യശാസ്ത്രി
D) പുനത്തൂർ രാമൻഗുരുക്കൾ

35. രചനാകാലത്തെ അടിസ്ഥാനമാക്കി ക്രമപ്പെടുത്തിയ ഉത്തരം തെരഞ്ഞെടുക്കുക
A) അപ്ഫന്റെ മകൻ, പ്രേമാമൃതം, പ്രേമലേഖനം, അടയാളങ്ങൾ
B) പ്രേമാമൃതം, അപ്ഫന്റെ മകൻ, പ്രേമലേഖനം, അടയാളങ്ങൾ

C) പ്രേമലേഖനം, അടയാളങ്ങൾ, അപ്ഫന്റെ മകൻ, പ്രേമാമൃതം

D) പ്രേമാമൃതം, അടയാളങ്ങൾ, അപ്ഫന്റെ മകൻ, പ്രേമലേഖനം

36. "ഒന്നുകിൽ പാടിപ്പതിഞ്ഞ വായ്ത്താരികളുടെ മാതൃക സ്വീകരിക്കുന്നു അല്ലെങ്കിൽ നീട്ടിയും കുറുക്കിയുമുള്ള ചാറ്റിന്റെ നിയതമല്ലാത്ത താളവ്യവസ്ഥകൾ സ്വീകരിക്കുന്നു. ചിലപ്പോൾ താളംതന്നെ കവിതയുടെ ഭാവം നിർണ്ണയിക്കുന്നു. ഇതിനെല്ലാം ആസ്പദമായി നില്ക്കുന്നതു നാടൻപാട്ടുകളിലെ താളസമ്പ്രദായങ്ങൾ തന്നെയാണ്." ആരുടെ കവിതയെക്കുറിച്ചാണിത്?

A) കുഞ്ഞുണ്ണിയുടെ

B) കെ.ജി.ശങ്കരപ്പിള്ളയുടെ

C) കാവാലം നാരായണപ്പണിക്കരുടെ

D) കടമ്മനിട്ട രാമാകൃഷ്ണന്റെ

37. സ്വന്തം കാതുമുറിച്ച് പ്രേമഭാജനത്തിന് നല്കിയ ചിത്രകാരനായ വാൻഗോഗിനെക്കുറിച്ച് കവിതയെഴുതിയത്

A) ബാലചന്ദ്രൻ ചുള്ളിക്കാട് B) വിജയലക്ഷ്മി

C) എ.അയ്യപ്പൻ D) കുരീപ്പുഴ ശ്രീകുമാർ

38. ഭാഷാസംക്രമണവാദത്തിന്റെ അടിസ്ഥാനത്തിൽ മലയാളഗദ്യ ചരിത്രത്തെ സമീപിച്ച പണ്ഡിതൻ

A) ഡോ.കെ.ഗോദവർമ്മ B) പ്രൊഫ.സി.എൽ.ആന്റണി

C) എൽ.എ.രവിവർമ്മ D) ഡോ.എ.സി.ശേഖർ

39. മലയാളത്തിലെ വിധുരവിലാപ കാവ്യങ്ങളിൽപ്പെടുന്ന കൃതിയാണ്

A) ബാഷ്പാഞ്ജലി B) കണ്ണുനീർതുള്ളി

C) പാടുന്ന മൺതരികൾ D) ചിതാലേഖം

40. പാട്ട് തികച്ചും തമിഴ്മിശ്ര സാഹിത്യത്തിൽപ്പെടുന്നു എന്ന് വാദിച്ച ഗവേഷകൻ

A) കെ.എം.ജോർജ്ജ് B) ഇളംകുളം കുഞ്ഞൻപിള്ള

C) ശൂരനാട് കുഞ്ഞൻപിള്ള D) എ.ആർ.രാജരാജവർമ്മ

41. കവിതാനിരൂപണത്തിൽ 'സൈനേസ്തസിസ്' എന്ന ആശയം അവതരിപ്പിച്ച വിമർശകൻ

A) ടി.എസ്.എലിയട്ട് B) ഐ.എ.റിച്ചാർഡ്സ്

C) ക്ലയന്റ് ബ്രൂക്ക്സ് D) റാൻസം

42. നിയോക്ലാസിസിസത്തിന്റേതല്ലാത്ത പ്രത്യേകത

A) പ്രകൃത്യനുകരണം B) പ്രബോധനം

C) നിയമബദ്ധത D) ആത്മാവിഷ്ക്കാരപരത

43. കേരളത്തിൽ കളരിസമ്പ്രദായത്തിന് അപചയം സംഭവിക്കാനുള്ള പ്രധാനകാരണം

A) പഠിപ്പിക്കാൻ ഗുരുനാഥന്മാരുടെ കുറവ്

B) പഠിക്കാൻ ശിഷ്യന്മാരെ കിട്ടാത്ത അവസ്ഥ

C) ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം

D) ബ്രിട്ടീഷ് ഭരണാധികാരികൾ കളരികളെ നിരോധിച്ചത്

44. സ്വാതിതിരുനാളിന്റെ സംഗീതസദസ്സിലെ പ്രശസ്തനായ വിദ്വാൻ

A) കിളിമാനൂർ മാധവവാര്യർ B) വെങ്കിട്ടരമണ ഭാഗവതർ

C) ഗോവിന്ദമാരാർ D) കെ.സി.കേശവപിള്ള

45. കുലശേഖര ആൾവാരുടെ കൃതി

A) പതിറ്റുപത്ത് B) എട്ടുത്തുകൈ

C) പെരുമാൾ തിരുമൊഴി D) തിരുച്ചമ്പരത്ത് അന്താതി

46. ഇബ്സന്റെ നാടക സങ്കല്പം ഉൾകൊണ്ട മലയാള നാടകകൃത്ത്

A) സി.എൻ.ശ്രീകണ്ഠൻ നായർ B) എൻ.കൃഷ്ണപിള്ള

C) എൻ.പി.ചെല്ലപ്പൻ നായർ D) എൻ.എൻ.പിള്ള

47. കുണ്ടൂർ നാരായണമേനോന്റെ നാലുകാവ്യങ്ങളിൽ ഉൾപ്പെടാത്ത കാവ്യം

A) കോമപ്പൻ B) ശക്തൻ തമ്പുരാൻ

C) പാക്കനാർ D) രാമൻ

48. വിശ്വദർശനത്തിന്റെ അനുഭവം ജി.ശങ്കരക്കുറുപ്പിലുണ്ടാക്കിയ അവസ്ഥ എന്ത്?

A) അഹങ്കാരം B) ആത്മവിശ്വാസം

C) ആത്മനിന്ദ D) സത്യദർശനത്തിന്റെ സംതൃപ്തി

49. "അധികാരം കൊയ്യണമാദ്യം നാം
അതിനു മേലാകട്ടെ പൊന്നാര്യൻ" - ഇടശ്ശേരിയുടെ ഏതു കവിതയിലേതാണ് ഈ വരികൾ?

A) പുത്തൻകലവും അരിവാളും B) കറുത്തചെട്ടിച്ചികൾ

C) പണിമുടക്ക് D) മുള്ളൻ ചീര

50. പന്തിരുകുലത്തിന്റെ ഐതിഹ്യത്തെ അടിസ്ഥാനമാക്കി എഴുതപ്പെട്ട നോവൽ

A) ഇന്നലത്തെ മഴ B) ജനിതകം

C) പരിണാമം D) എൻമകജെ

51. 'കേരളപ്പഴമ' എന്ന ചരിത്രഗ്രന്ഥത്തിന്റെ കർത്താവ്

A) ജോർജ്ജ് മാത്തൻ B) ഹെർമൻ ഗുണ്ടർട്ട്

C) ആർച്ച് ഡീക്കൻ കോശി D) വൈയ്ക്കത്തു പാച്ചുമൂത്തത്

52. ഭാഷാപോഷിണി സഭയുടെ സ്ഥാപകൻ

A) കേരളവർമ്മ വലിയകോയിതമ്പുരാൻ

B) എ.ആർ.രാജരാജവർമ്മ

C) കണ്ടത്തിൽ വറുഗീസ്മാപ്പിള

D) കൊട്ടാരത്തിൽ ശങ്കുണ്ണി

53. അർത്ഥവികാസത്തിന് ഉദാഹരിക്കാവുന്ന പദം

A) പലഹാരം B) കല്യാണം

C) മാടം D) ഭസ്മം

54. 'നട്ടുച്ചനേരത്ത് ദിവാകരോയ -
മത്ത്യന്ത മാഹന്ത കരോതി താപം
മദ്ധ്യസ്ഥനായ് നില്ക്കില മുന്നതനാം
മറ്റോന്റ് കാലം പിണയാത്ത കോലം' - ഇത് ഏതുതരം മണിപ്രവാളത്തിന് ഉദാഹരണമാണ്?

A) മധ്യമ മണിപ്രവാളം B) മധ്യമകല്പ മണിപ്രവാളം

C) ഉത്തമ മണിപ്രവാളം D) അധമ മണിപ്രവാളം

55. വർണ്ണങ്ങളെ നാദികൾ എന്നും ശ്വാസികൾ എന്നും വേർതിരിക്കുന്നതിന്റെ കാരണം

A) അനുപ്രദാനം B) കരണവിഭ്രമം

C) സംസർഗ്ഗം D) മാർഗ്ഗഭേദം

56. "തേവൻ ചിരീകുമാഞ്ചൊന്ന ചമ്പു" ഏതാണ്?

A) ഉണ്ണിച്ചിരുതേവീ ചരിതം B) ഉണ്ണിയാടീ ചരിതം

C) നാരായണീയം ചമ്പു D) ഉണ്ണിയച്ചീ ചരിതം

57. മിസ്മേയോ എന്ന അമേരിക്കൻ വനിത ഇന്ത്യയിലെ സ്ത്രീകളെക്കുറിച്ച് നടത്തിയ വിമർശനത്തെ എതിർത്തുകൊണ്ട് ഉള്ളൂർ രചിച്ച കാവ്യം

A) പിംഗള B) ചിത്രശാല

C) ഭക്തിദീപിക D) ഹീര

58. വിശ്വനാഥൻ എന്ന കഥാപാത്രം ഉറൂബിന്റെ ഏത് നോവലിലാണ് ഉള്ളത്?

A) സുന്ദരികളും സുന്ദരന്മാരും B) അണിയറ

C) ഉമ്മാച്ചു D) ആമിന

59. പച്ചമലയാളം എന്ന കാവ്യ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

A) കുഞ്ഞിക്കുട്ടൻ തമ്പുരാൻ B) മഹാകവി ഉള്ളൂർ

C) കൊച്ചുണ്ണി തമ്പുരാൻ D) കൊട്ടാരത്തിൽ ശങ്കുണ്ണി

60. 'ആര്യദ്രാവിഡ വാഗ്ജാതാ
കേരളീയോക്തി കന്യകാ' മലയാളഭാഷയുടെ ആഗമത്തെക്കുറിച്ച് ഈ അഭിപ്രായം ആരുടേത്?

A) എ.ആർ.രാജരാജ വർമ്മ B) ഉള്ളൂർ എസ്.പരമേശ്വര അയ്യർ

C) കോവുണ്ണി നെടുങ്ങാടി D) കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ

61. 'വിനാമം' എന്നാലെന്ത്?

A) ഖരം അനുനാസികമായി മാറുന്നത്

B) മേൽ സ്ഥാനത്തുള്ള വർണ്ണം കീഴ്സ്ഥാനത്തുള്ള വർണ്ണമായി മാറുന്നത്

C) കീഴ്സ്ഥാനത്തുള്ള വർണ്ണം മേൽ സ്ഥാനത്തുള്ള വർണ്ണമായി മാറുന്നത്

D) അനുസാരം അതിന് പകരമായി വരുന്ന ഖരത്തെ അനുനാസികമായി മാറ്റുന്നത്

62. ദശഗുണത്തോടു കൂടിയതും ദോഷരഹിതവുമായ രീതിയാണ്

A) ഗൌഡി B) വൈദർഭി

C) പാഞ്ചാലി D) ലാടി

63. "ഇന്ദുലേഖയുടെ സൃഷ്ടി വളരെ വിശേഷമായി, എങ്കിലും അതുപോലെ ഒരു സ്ത്രീ മലയാളത്തിൽ ഇല്ലെന്ന് തന്നെയല്ല ഒരു നൂറ്റാണ്ടിനകത്തു ഉണ്ടാകുമെന്നും തോന്നുന്നില്ല. നായികയായി മലയാളത്തറവാടുകളിൽ നിന്ന് ഒരു സ്ത്രീയെ കൊണ്ടുവരുന്നതിന് പകരം ഗ്രന്ഥകാരൻ ഒരു സമർത്ഥയായ വെള്ളക്കാരത്തിയെ ഒന്നു മുണ്ടുടുപ്പിച്ച് മലയാളം സംസാരിപ്പിക്കുകയാണ് ചെയ്തിരിക്കുന്നതെന്ന് ചിലർ പറയുന്നതു തീരേ അയഥാർത്ഥമല്ല." ആരുടെ അഭിപ്രായം?

A) സാഹിത്യപഞ്ചാനനൻ പി.കെ.നാരായണ പിള്ള
B) സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള
C) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ
D) സി.പി.അച്യുത മേനോൻ

64. 'തച്ചന്റെ മകൾ' ആരുടെ കവിത?
A) വിജയലക്ഷ്മി B) സാവിത്രി രാജീവൻ
C) റോസ്മേരി D) ആര്യാംബിക

65. 'ഗീതയ്ക്ക് മാതാവായ ഭൂമിയേ ദൃഢമിതു
മാതിരിയൊരു കർമ്മയോഗിയെ പ്രസവിക്കൂ
ഹിമവദ്വിന്ധ്യാചല മധ്യദേശത്തേ കാണൂ
ശമമേ ശീലിച്ചെഴുമിത്തരം സിംഹത്തിനെ' - ഇതിലെ അലങ്കാരമേത്?
A) കാവ്യലിംഗം B) ദൃഷ്ടാന്തം
C) പര്യായോക്തം D) ഉൽപ്രേക്ഷ

66. 'പൂവമ്പഴം' എന്ന പേരിൽ രണ്ട് പ്രശസ്ത സാഹിത്യകാരന്മാർ ചെറുകഥകൾ എഴുതിയിട്ടുണ്ട്. ഒരാൾ ബഷീർ ആണ്. മറ്റേ ആൾ ആര്?
A) കാരൂർ B) ലളിതാംബിക അന്തർജനം
C) എൻ.മോഹനൻ D) എസ്.കെ.പൊറ്റെക്കാട്

67. 'വാങ്ങുക കുടിക്കുക
പുറത്തേക്കെറിയുക
ജീവിതം നിറച്ചൊരീ
കൂട്ടുകൾ നാളേക്കില്ല.' - ജീവിതത്തിന്റെ ഏതുതരം അവസ്ഥയെയാണ് ഈ വരികൾ സൂചിപ്പിച്ചിരിക്കുന്നത്?
A) ഉദാസീനതയെ B) പൊള്ളത്തരത്തെ
C) നന്മയെ D) ആദർശാത്മകതയെ

68. കഥകളി
A) വാചികാഭിനയ കലയാണ്
B) പദാർത്ഥാഭിനയ കലയാണ്
C) വാക്യാർത്ഥാഭിനയ കലയാണ്
D) നൃത്തകലയാണ്

69. ആനന്ദിന്റേതല്ലാത്ത നോവൽ

A) ഉത്തരായനം B) വ്യാസനും വിഘ്നേശ്വരനും
C) മരണ സർട്ടിഫിക്കറ്റ് D) അജ്ഞതയുടെ താഴ്വര

70. പ്രജനന വ്യാകരണത്തിന്റെ ഉപജ്ഞാതാവ്
A) ബ്ലൂം ഫീൽഡ് B) ചോംസ്കി
C) സസൂർ D) ടി.ബറോ

71. ജീവചരിത്രശാഖയ്ക്ക് കനത്ത സംഭാവന നല്കിയ സാഹിത്യവിമർശകൻ
A) എം.അച്യുതൻ B) സി.ജെ.തോമസ്
C) എം.കെ.സാനു D) തോമസ് മാത്യു

72. 'ഈ നാലുവരികളൊഴികെ ഉള്ളൂരിന്റെ കൃതികളുടെ ഇതരഭാഗങ്ങൾ മുഴുവൻ നഷ്ടമായി പ്പോവുകയാണെങ്കിൽകൂടി ഇവയുടെ മാഹാത്മ്യം കൊണ്ടുമാത്രം അദ്ദേഹം ഒരു മഹാകവി പദത്തിനർഹൻ തന്നെയായിരിക്കും.' കർണ്ണഭൂഷണത്തിലെ വരികൾ ഉദ്ധരിച്ചുകൊണ്ടുള്ള ഈ പ്രശംസ ആരുടേതാണ്?
A) പി.ശങ്കരൻ നമ്പ്യാർ
B) എ.ഡി.ഹരിശർമ്മ
C) വടക്കുംകൂർ രാജരാജവർമ്മ
D) എം.ആർ.നായർ

73. കവിയും വിമർശകനുമായ സാഹിത്യകാരനാണ്
A) കുറ്റിപ്പുഴ കൃഷ്ണപിള്ള B) എൻ.കൃഷ്ണപിള്ള
C) എൻ.വി.കൃഷ്ണവാരിയർ D) കെ.സുരേന്ദ്രൻ

74. 'ശ്യാമ മാധവം' എന്ന കാവ്യം രചിച്ചത്
A) സുഗതകുമാരി B) പ്രഭാവർമ്മ
C) ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട് D) അയ്യപ്പ പ്പണിക്കർ

75. 'വസന്തമാലിക' ഏത് വിഭാഗത്തിൽപ്പെടുന്നു?
A) സമവൃത്തം B) വിഷമവൃത്തം
C) അർദ്ധസമവൃത്തം D) മാത്രാവൃത്തം

76. 'ചെങ്ങന്നൂർ വണ്ടി' എന്ന കഥ എഴുതിയത് ആര്?
A) എം.പി.നാരായണപിള്ള B) ഒ.വി.വിജയൻ
C) പി.പത്മരാജൻ D) വി.കെ.എൻ

77. കേരളത്തിലെ ആദ്യത്തെ രാഷ്ട്രീയ നാടകം

A) പാട്ടബാക്കി B) നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി

C) ഡോക്ടർ D) കൂട്ടുകൃഷി

78. 'കല കലയ്ക്ക് വേണ്ടി' എന്ന് വാദിച്ച പ്രശസ്തനായ ചിന്തകൻ

A) എ.സി.ബ്രാഡ്‌ലി B) ഓസ്ക്കാർ വൈൽഡ്

C) മാത്യു ആർനോൾഡ് D) പ്ലഖനോവ്

79. ആദിചേരന്മാരിലെ ആദ്യത്തെ രാജാവ്

A) നെടുഞ്ചേരലാതൻ B) നാർമുടിചേരൻ

C) വേൽകെഴുകുട്ടുവൻ D) ഉതിയൻചേരൻ

80. 'ആളുതിക്കിത്തിരക്കി കയറുന്ന
താണു ചന്തയതാണെൻ പ്രപഞ്ചം
വില്പനയ്ക്ക് ചരക്കുകളും പേറി
വില്പനക്കാർ വരുന്നു പോകുന്നു.
തങ്ങളെത്തന്നെ വില്ക്കുന്നു വീണ്ടും
തങ്ങൾ തന്നെ വിലപേശി നിൽപ്പൂ.' - ഏത് കവിതയിൽ നിന്നാണ് ഈ ഭാഗം?

A) പാതാളത്തിന്റെ മുഴക്കം B) സംക്രമണം

C) കുരുക്ഷേത്രം D) കുറത്തി

81. കുമാരനാശാന്റെ രണ്ടു ഖണ്ഡകാവ്യങ്ങളെക്കുറിച്ച് ഗ്രന്ഥങ്ങൾ എഴുതിയ വിമർശകൻ

A) സുകുമാർ അഴിക്കോട് B) കുട്ടിക്കൃഷ്ണ മാരാർ

C) കെ.എം.ദാനിയൽ D) എസ്.ഗുപ്തൻ നായർ

82. 'ഓമനേ നിന്നിലപൂർണ്ണത ചേർത്തീടാ -
യ്കീ മുലപ്പാലിലെ ദൗർബ്ബല്യങ്ങൾ.' - ആരുടെ കവിത?

A) സുഗതകുമാരി B) ബാലാമണിയമ്മ

C) ഒളപ്പമണ്ണ D) അക്കിത്തം

83. കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷം തകർക്കുന്നതിൽ പ്രധാന പങ്കുവഹിച്ച വിദേശശക്തി

A) പോർച്ചുഗീസുകാർ B) ഫ്രഞ്ചുകാർ

C) ഡച്ചുകാർ D) അറബികൾ

84. ആൽബേർ കാമുവിന്റെ 'ദി ഔട്ട്സൈഡർ' എന്ന നോവലിന്റെ സ്വാധീനം ഉള്ളതായി കരുതപ്പെടുന്ന കാക്കനാടന്റെ നോവൽ

A) ഉഷ്ണമേഖല B) വസൂരി

C) സാക്ഷി D) ഏഴാംമുദ്ര

85. പൈങ്കിളിക്കണ്ണി, പരാപരക്കണ്ണി എന്നീ തമിഴ്കവിതകൾ നോക്കിയാണ് എഴുത്തച്ഛൻ കിളിപ്പാട്ടുകൾ തീർത്തതു എന്ന വാദം തിരസ്ക്കരിക്കാനുള്ള പ്രധാനകാരണം

A) ആദ്ധ്യാത്മിക വിഷയം കൈകാര്യം ചെയ്യുന്നില്ല

B) ഈ കണ്ണികളുടെ കർത്താവായ തായ്മാനവർ എഴുത്തച്ഛനുശേഷം ഒരു നൂറ്റാണ്ട് കഴിഞ്ഞാണു ജീവിച്ചിരുന്നതു

C) കണ്ണികൾ ഭാവഗീതസ്വഭാവം പുലർത്തുന്നു

D) എഴുത്തച്ഛന്റെ കവിത തമിഴ്രീതിക്കു ചേർന്നിരിക്കുന്നതല്ല

86. ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട നോവൽ

A) പതാക B) അമൃതംതേടി

C) ഉദയഭാനു D) അവകാശികൾ

87. ഖില ധാതുരൂപം ഏത്?

A) കള B) ചെയ്

C) അറി D) ഉള്

88. 'കാവ്യശോഭാകാരാൻ ധർമ്മ -
നലങ്കാരാൻ പ്രചക്ഷതേ' - ഈ കാരിക ആരുടേത്

A) ദണ്ഡി B) അപ്പയ്യ ദീക്ഷിതർ

C) വാമനൻ D) ഭാമഹൻ

89. 'ഐഡന്റിറ്റി കാർഡ്' ആരുടെ കവിതാ സമാഹാരം?

A) പി.പി.രാമചന്ദ്രൻ B) എസ്.ജോസഫ്

C) എം.ആർ.രേണുകുമാർ D) സെബാസ്റ്റ്യൻ

90. പാശ്ചാത്യലോകത്തെ ആദ്യത്തെ റൊമാന്റിക് നിരൂപകനായി വിലയിരുത്തപ്പെടുന്നത്

A) ഷ്ളഗൽ B) ബോലോ

C) ലോംഗിനസ് D) കോളറിഡ്ജ്

91. മിത്തുകളുടെ അപഗ്രഥനത്തിന് ഘടനാവാദപരമായ മാതൃക സ്വീകരിച്ച ഭാഷാ ശാസ്ത്രജ്ഞൻ

A) സൊസൂർ B) ലെവി സ്ട്രോസ്
C) യാക്കോബ്സൺ D) ജൂലിയ ക്രിസ്റ്റേവ

92. 'പരയുടെ പാലുനുകർന്ന ഭാഗ്യവാന്മാർ -
ക്കൊരു പതിനായിര മാണ്ടൊരല്പനേരം' - ആരുടെ വരികൾ?

A) കുമാരനാശാൻ B) നാലപ്പാട്ട് നാരായണ മേനോൻ
C) എഴുത്തച്ഛൻ D) ശ്രീനാരായണ ഗുരു

93. 'സന്ദർഭേ സംസ്കൃതികൃതാ' എന്ന സൂത്രത്തിന് ലീലാതിലകകാരൻ കൊടുക്കുന്ന ഉദാഹരണം

A) പോക്കാംചക്രേ B) വർക്കം
C) മുഴം D) മേഘം

94. 'വേദാധികാര നിരൂപണം' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്

A) ബ്രഹ്മാനന്ദ ശിവയോഗി
B) ചട്ടമ്പി സ്വാമികൾ
C) പ്രൊഫ.ജി.ബാലകൃഷ്ണൻ നായർ
D) അമർത്ത്യാനന്ദ

95. വള്ളത്തോളിന്റെ കാവ്യപാരമ്പര്യം പിന്തുടർന്ന കവി

A) വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
B) ചങ്ങമ്പുഴ
C) വയലാർ രാമവർമ്മ
D) തിരുനല്ലൂർ കരുണാകരൻ

96. ലീലാതിലകത്തിൽ നല്കുന്ന സന്ധിരൂപങ്ങളിൽ ഇന്ന് പ്രസക്തമല്ലാത്ത ഒരു സൂത്രം

A) സമാസേ ചാ ഞാദീനാം B) കേവലാഞ്ഞ നമവാനാം ച
C) ഓർന്നിത്യം D) ലനയോ കചപേഷുറ:

97. 'പ്രജ്ഞാനവ നവോന്മേഷ ശാലിനീ പ്രതിഭാ മതാ' എന്ന് പ്രതിഭയെ നിർവചിച്ചത്

A) ആനന്ദവർദ്ധനൻ B) രാജശേഖരൻ
C) ഭട്ടതൗതൻ D) അഭിനവഗുപ്തൻ

98. ദാമ്പത്യത്തിലെ ശീതസമരത്തെ ഭംഗിയായി ആവിഷ്കരിക്കുന്ന ഒരു വൈലോപ്പിള്ളി കവിത

A) യുഗ പരിവർത്തനം B) ഊഞ്ഞാലിന്മേൽ

C) കണ്ണീർപ്പാടം D) സാവിത്രി

99. അകാരം താലവ്യമായി ദുഷിക്കുന്നതുപോലെ ഉച്ചാരണ വൈകല്യംമൂലം ഓഷ്ഠ്യമായി ദുഷിക്കുന്നതിന്റെ ഉദാഹരണമാണ്

A) പെരുമാറ്റം B) ദയ C) ആശ D) ഇടവം

100. 'കാണായ തോൽവിയെന്തെന്നോ ഗുരുവിന്റെ
കാലുപിടിക്കാതരങ്ങത്തു പോയി നീ
സർവ്വാപരാധം പൊറുക്കണേ മെന്നൊരു
സാഷ്ടാംഗവീഴ്ച-വിജയിയായ് പൊങ്ങി നീ
ബ്രഹ്മസ്വരൂപൻ ഗുരു കനിഞ്ഞീടുകിൽ
ബ്രഹ്മാണ്ഡമൊക്കെയും നിൻ കളിപ്പന്തൽ താൻ'- ആരുടെ വരികൾ?

A) ജി.ശങ്കരക്കുറുപ്പ് B) പി.കുഞ്ഞിരാമൻ നായർ

C) ബാലാമണിയമ്മ D) അക്കിത്തം അച്യുതൻനമ്പൂതിരി

101. ഭാഷയെ മുൻനിർത്തി മാനസികാപഗ്രഥന സിദ്ധാന്തങ്ങൾ ഉപയോഗിച്ചു പഠനം നടത്തിയ ചിന്തകനാണ്

A) ഴാക്ക് ലക്കാൻ B) സി.ജി.യൂങ്ങ്

C) ദറിദ D) ബാക്തിൻ

102. മലയാള മഹാനിഘണ്ടു രൂപകല്പന ചെയ്ത ആദ്യത്തെ എഡിറ്റർ

A) ബി.സി.ബാലകൃഷ്ണൻ B) കെ.ഗോദവർമ്മ

C) ശൂരനാട് കുഞ്ഞൻപിള്ള D) ശ്രീകണ്ഠേശ്വരം ജി.പരമേശ്വരൻപിള്ള

103. കക്ഷ്യാ വിഭജനമനുസരിച്ച് ദ്രാവിഡഭാഷകൾ ഉൾപ്പെടുന്ന കക്ഷ്യ ഏതാണ്?

A) പ്രാകൃത കക്ഷ്യ B) സംശ്ലിഷ്ട കക്ഷ്യ

C) വൈകൃത കക്ഷ്യ D) സംഘടിത കക്ഷ്യ

104. തുള്ളലിൽ വ്യാപകമായി ഉപയോഗിക്കുന്ന വൃത്തം

A) തരംഗിണി B) മന്ദാക്രാന്ത

C) അന്നനട D) നതോന്നത

105. വയനാട്ടിലെ ആദിവാസികളുടെ ജീവിതം പശ്ചാത്തലമല്ലാത്ത വത്സലയുടെ ഒരു നോവൽ

A) നെല്ല് B) ഗ്രീഷ്മത്തിലെ മഴ

C) ആഗ്നേയം D) കൂമൻകൊല്ലി

106. ചങ്ങമ്പുഴ രചിച്ച ആദ്യത്തെ കവിതാസമാഹാരം

A) സ്വരരാഗസുധ B) രക്തപുഷ്പങ്ങൾ

C) ബാഷ്പാഞ്ജലി D) സ്പന്ദിക്കുന്ന അസ്ഥിമാടം

107. ഒരാൾ സ്ത്രീയായി ജനിക്കുകയല്ല സ്ത്രീയായി തീരുകയാണ് എന്ന സുപ്രസിദ്ധമായ പ്രഖ്യാപനം നടത്തിയ ഫെമിനിസ്റ്റ് വിമർശകയാണ്

A) വെർജീനിയാ വുൾഫ് B) എലൈൻ ഷോവാൾട്ടർ

C) ഗായത്രി സ്പിവാക്ക് D) സിമോങ് ഡി ബുവ്വ

108. നിരൂപണത്തിലെ നിഷ്പക്ഷതയെ ആദർശമാക്കിയ നിരൂപകൻ

A) ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ

B) കെ.പി.അപ്പൻ

C) ജോസഫ് മുണ്ടശ്ശേരി

D) കുട്ടിക്കൃഷ്ണമാരാർ

109. പോസ്റ്റ് കൊളോണിയൽ വിമർശനരീതിക്ക് ഏറ്റവും അധികം സംഭാവന ചെയ്ത ചിന്തകൻ?

A) ബാക്തിൻ B) സ്റ്റീഫൻ ഗ്രീൻബ്ലാറ്റ്

C) സൂസൻ സൊണ്ടാഗ് D) എഡ്വേഡ് സെയ്ദ്

110. ഖണ്ഡകാവ്യത്തിൽ പെടാത്ത കൃതി

A) പുഷ്പവാടി B) നങ്ങേമക്കുട്ടി

C) കുടിയൊഴിക്കൽ D) വയലാർ ഗർജ്ജിക്കുന്നു

111. ക്ലാസിസിസം ആരോഗ്യപൂർണ്ണവും റൊമാന്റിസം രോഗാതുരവും ആണ് എന്ന് പറഞ്ഞ ചിന്തകൻ

A) ഹെഗൽ B) ഗോയ്ഥേ

C) ഹെർഡർ D) ഷില്ലർ

112. 'നാട്യപ്രധാനം നഗരം, ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം' - ആരുടെ വരികൾ?

A) കല്ലന്മാർതൊടി രാവുണ്ണി മേനോൻ

B) കെ.കെ.രാജ

C) കുറ്റിപ്പുറത്തു കേശവൻ നായർ

D) ഇടശ്ശേരി ഗോവിന്ദൻ നായർ

113. തിരുവിതാംകൂർ കൊച്ചി സംയോജനം നടന്ന വർഷം

A) 1947 B) 1949

C) 1954 D) 1956

114. ധ്വനിയെ ഖണ്ഡിച്ചുകൊണ്ട് എഴുതപ്പെട്ട ആലങ്കാരിക ഗ്രന്ഥം

A) കാവ്യപ്രകാശം B) കാവ്യാദർശം

C) വ്യക്തിവിവേകം D) അലങ്കാര സർവ്വസ്വം

115. 'കാരകകൃത്ത്' എന്ന വിഭാഗത്തിൽ പെടുന്ന രൂപം ഏത്?

A) അകൽച്ച B) തോൽവി

C) നിലംതല്ലി D) മാൻകണ്ണി

116. എഴുത്തച്ഛൻ കർണ്ണപർവ്വത്തിൽ ഉപയോഗിച്ച വൃത്തം

A) അന്നനട B) കേക

C) കാകളി D) കളകാഞ്ചി

117. 'അതിപ്രാചീനമായ കാലത്തിൽപോലും കേരളത്തിലെ ഭാഷ മലയാളമായിരുന്നു എന്നല്ലാതെ തമിഴോ തമിഴിന്റെ ഒരു ഉപശാഖയോ ആയിരുന്നു എന്ന് വിചാരിക്കുന്നതു അസംഗതമാണ്.' - ഇങ്ങനെ അഭിപ്രായപ്പെട്ടത്?

A) എൽ.വി.രാമസ്വാമി അയ്യർ

B) ഗോദവർമ്മ

C) എ.ആർ.രാജരാജ വർമ്മ

D) ഇളംകുളം കുഞ്ഞൻപിള്ള

118. ചങ്ങമ്പുഴ രചിച്ച നോവൽ

A) സുധ B) നിഴലാട്ടം

C) കളിത്തോഴി D) പ്രേമസൌധം

119. നമ്പ്യാന്തമിഴിനെ മണിപ്രവാളം എന്ന് വിളിക്കാൻ ലീലാതിലകകാരൻ തയ്യാറാവാത്തതു

A) അതിൽ വിഭക്ത്യന്ത സംസ്കൃത ശബ്ദങ്ങൾ ഇല്ല

B) അതിൽ സഹൃദയ ഹൃദയങ്ങളെ ആകർഷിക്കുന്ന സന്നാഹമില്ല

C) അതിൽ ചോളഭാഷയുടെ കലർപ്പുണ്ട്

D) അതു ത്രൈവർണ്ണികന്മാർ രചിച്ചതല്ല

120. അലുപ്താഖ്യ സമാസത്തിൽ

*ധാതു പൂർവ്വത്തിലും വരാ  എന്ന കാരികയ്ക്ക് കേരളപാണിനി നല്കുന്ന ഉദാഹരണം*

A) *തീക്കനൽ*    B) *എരിതീ*

C) *അലർശരൻ*    D) *പില്പാട്ട്*

*****************